**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3045** | **19.06.2018 - ൽ മറുപടിയ്ക്ക്**

## വിത്തുൽപ്പാദന കേന്ദ്രങ്ങൾ

ചോദ്യം
**ശ്രീ. ബി. സത്യൻ**

മറുപടി
**ശ്രീ. വി. എസ്. സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| **എ)** കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിത്തുൽപ്പാദന കേന്ദ്രങ്ങൾ ഏതെല്ലാമാണ്; പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും കർഷകർക്ക് ആവശ്യാനുസരണം വിത്ത് വിതരണം നടത്തുന്നതിന് കഴിയുന്നുണ്ടോ; പുതിയ വിത്തുൽപ്പാദന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ; | **എ)** കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ 33 വിത്തുൽപ്പാദന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ഈ വിത്തുൽപ്പാദന കേന്ദ്രങ്ങളിൽ നിന്നും ഉല്പാദിപ്പിക്കുന്ന വിത്ത്, സംസ്ഥാന വിത്തു വികസന അതോറിറ്റി സംഭരിച്ച് കൃഷിക്കാർക്ക് വിതരണം ചെയ്യുന്നുണ്ട്. പുതിയ വിത്തുൽപ്പാദന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ പദ്ധതിയില്ല. |
| **ബി)** കൃഷി വകുപ്പിന് കീഴിലുള്ള ഓരോ കൃഷി ഭവനിലും വിത്തുൽപ്പാദനത്തിനായി മഴമറകൾ ഉൾപ്പെടെ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; പുരോഗതി വിശദമാക്കുമോ? | **ബി)** കൃഷി ഭവനുകളിൽ വിത്തുൽപ്പാദനം നടത്താത്തതിനാൽ മഴമറയുടെ ആവശ്യം ഉള്ളതായി കാണുന്നില്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## കൃഷി വകുപ്പിനു കീഴിലുള്ള വിത്തുല്പാദന കേന്ദ്രങ്ങൾ

| ക്രമ നം. | ജില്ല | ഫാമിന്റെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | 1. ഉള്ളൂർ<br>2. ചിറയിൻകീഴ് |
| 2 | കൊല്ലം | 3. കൊട്ടാരക്കര<br>4. കടയ്ക്കൽ |
| 3 | പത്തനംതിട്ട | 5. അടൂർ<br>6. പുല്ലാട് |
| 4 | ആലപ്പുഴ | 7. അറുന്നൂറ്റിമംഗലം<br>8. വീയ്യപുരം |
| 5 | കോട്ടയം | 9. വാലാച്ചിറ<br>10. കോഴ |
| 6 | ഇടുക്കി | 11. കരിമണ്ണൂർ |
| 7 | എറണാകുളം | 12. ആലുവ<br>13. ഒക്കൽ |
| 8 | തൃശ്ശൂർ | 14. മണ്ണുത്തി<br>15. കോടശ്ശേരി<br>16. നടവരമ്പ്<br>17. എടത്തുരുത്തി<br>18. പാണഞ്ചേരി<br>19. പഴയന്നൂർ |
| 9 | പാലക്കാട് | 20. ആലത്തൂർ<br>21. കുന്നന്നൂർ<br>22. കോങ്ങാട്<br>23. അനങ്ങനടി<br>24. മുതലമട |
| 10 | മലപ്പുറം | 25. തവന്നൂർ<br>26. ആനക്കയം<br>27. പൊക്കാട് |
| 11 | കോഴിക്കോട് | 28. പേരാമ്പ്ര<br>29. പുതുപ്പാടി |
| 12 | കണ്ണൂർ | 30. കാങ്കോൾ<br>31. വേങ്ങാട് |
| 13 | കാസർഗോഡ് | 32. കാസർഗോഡ്<br>33. പുല്ലൂർ |

സെക്ഷൻ ഓഫീസർ